പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1918 — 22.01.2014 ൽ മറുപടിയ്ക്ക്

## നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ബഹു. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) | |
| (എ) | സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങൾക്ക് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സംവരണാനുകൂല്യത്തിന് എന്ന് മുതലാണ് പ്രാബല്യം ലഭിച്ചത് ; | (എ) | 27.05.2000 - ലെ സ. ഉ (പി) നം. 36/00/ പജപവവിവ പ്രകാരം പ്രാബല്യം ലഭിച്ചു. |
| (ബി) | നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് പിന്നോക്കസമുദായങ്ങൾക്ക് ലഭിച്ച സംവരണാനുകൂല്യത്തിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) യും | നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 3 ലക്ഷമായി നിശ്ചയിക്കുകയുണ്ടായി. കൂടാതെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് 02.02.2006-ലെ സ.ഉ (പി) നം. 8/06/ പജപവവിവ പ്രകാരം സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതു പ്രകാരം 21.07.2010 -ലെ സ.ഉ (എം.എസ്) നം. 83/2010/പജപവവിവ അനുസരിച്ച് സർക്കാർ സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാരസമിതി രൂപീകരിക്കുകയുണ്ടായി. 20.08.2011-ലെ സ. ഉ (എം.സ്) നം. 85/2011/പജപവവിവ പ്രകാരം പ്രസ്തുത ഉന്നതാധികാരസമിതി പുന:സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ? | (സി) യും | |

സെക്ഷൻ ഓഫീസർ